# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1889 16.06.2014-ൽ മറുപടിയ്ക്ക്

## നഷ്ടപ്പെട്ടതും കളവുപോയതുമായ മൊബൈൽ ഫോണുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ. ബഷീർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) നഷ്ടപ്പെട്ടതും കളവുപോയതുമായ മൊബൈൽ ഫോണുകൾ കണ്ടെത്തികൊടുക്കുന്നതിനായി കഴിഞ്ഞ 3 വർഷത്തിനുള്ളിൽ തിരുവനന്തപുരം പോലീസ് സൈബർ സെല്ലിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;<br>(ബി) ഇവയിൽ എത്ര പരാതികൾക്ക് പരിഹാരം കണ്ടെത്തിയിട്ടുണ്ട്; | (എ) & (ബി) മൊബൈൽ ഫോണുകൾ നഷ്ടപ്പെട്ടതും കളവുപോയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സിറ്റി സൈബർ സെല്ലിൽ 970 പരാതികളും, തിരുവനന്തപുരം റൂറൽ സൈബർ സെല്ലിൽ 1343 പരാതികളും ലഭിച്ചിട്ടുണ്ട്. ഇവയിൽ യഥാക്രമം 83-ഉം 114-ഉം പരാതികളിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, പോലീസ് ആസ്ഥാനത്തെ ഹൈടെക് സെല്ലിൽ കഴിഞ്ഞ 3 വർഷക്കാലയളവിൽ 5172 അപേക്ഷകൾ ലഭിച്ചതിൽ 527 അപേക്ഷകളിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ട് |
| (സി) പോലീസ് സൈബർ സെൽ ആസ്ഥാനത്ത് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) പരാതികളിൽ പരിഹാരം കാണുന്നതിന് മനഃപൂർവ്വം കാലതാമസം വരുത്താറില്ല. നഷ്ടപ്പെട്ട മൊബൈൽഫോണിൽ മറ്റൊരു സിം കാർഡ് ഉപയോഗിച്ച് തുടങ്ങിയാൽ മാത്രമേ അവ കണ്ടെത്താൻ സാധിക്കുകയുള്ളൂ. അപ്രകാരം ഉണ്ടാകുന്ന കാലതാമസം മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. കൂടാതെ ഹൈടെക് ക്രൈം എൻക്വയറി സെൽ/ജില്ലകളിലെ സൈബർ സെല്ലുകളിൽ അപേക്ഷകൾ പരിഹരിക്കുന്നതിന് മൊബൈൽ ഫോൺ സേവന ദാതാക്കളിൽ നിന്നും മറുപടി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. |
| (ഡി) കണ്ടെത്തിയ മൊബൈൽ ഫോണുകളിൽ പരാതിക്കാരന് നൽകാത്തതായി അവശേഷിക്കുന്നവ | (ഡി) കണ്ടെത്തിയ മൊബൈൽ ഫോണുകളെല്ലാം തന്നെ ഉടമസ്ഥർക്ക് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എത്രയെണ്ണമുണ്ടെന്ന് പറയാമോ; | | |
| (ഇ) | നഷ്ടപ്പെട്ട മൊബൈൽ ഫോണുകൾ കണ്ടെത്തിക്കഴിഞ്ഞാൽ പരാതിക്കാരനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ